LIBRARY ARCHIVES Kerala Legislative Assembly

പാലങ്ങളുടെ നിർമ്മാണം

233(1302) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അനുമതിക്കായി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി സ്വീകരിക്കുന്ന നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചെട്ടിയാരഴീക്കൽ പാലം നിർമ്മാണത്തിനായി സർവ്വേയും മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. കൽച്ചിറപ്പള്ളി പാലം, അറയ്ക്കടവ് പാലം എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമായിട്ടില്ല.

പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണം

234(1303) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; 1-7-2011 മുതൽ 31-12-15 വരെയുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണിക്കുമായി എത്ര തുക അനുവദിച്ചു; റോഡുകളുടെ പേര്, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 1-7-2011 മുതൽ 31-12-2015 വരെ 295 ലക്ഷം രൂപ അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.